LIBRARY ARCHIVES Kerala Legislative Assembly

വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിലെ കുറവ്

168 (2406) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നിന്നും ഉണ്ടായ വരുമാനത്തിൽ എന്ത് തുകയുടെ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ നിന്നും ഉണ്ടായ വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ എത്ര തുകയുടെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നിന്നുണ്ടായ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടില്ല. കഴിഞ്ഞ 5 വർഷങ്ങളിലെ ചെക്ക്പോസ്റ്റിൽ നിന്നുള്ള വരുമാനം മുൻകൂർ നികുതി ഉൾപ്പെടെ ചുവടെ ചേർക്കുന്നു:

വർഷം	ലഭിച്ച വരുമാനം (കോടിയിൽ)
2009-10	276.46
2010-11	268.27
2011-12	659.72
2012-13	975.01
2013-14	1021.76

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ നിന്ന് ഉണ്ടായ വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ സർക്കാരിന്റെ കാലത്ത് കുറവുണ്ടായിട്ടില്ല.